# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1000** **30.10.2019 ലെ മറുപടി**

### ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു.ആർ.പ്രദീപ് :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിനു കീഴിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉണ്ട്; അവയുടെ പേരു വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര മണ്ഡലത്തിൽ മൈനർ ഇറിഗേഷനു കീഴിൽ 7 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉണ്ട്. അവയുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു:-

1. അറക്കാമല -തിരുവില്വാമല പഞ്ചായത്ത്
2. ഇട്ടിച്ചിരിക്കുണ്ട് -തിരുവില്വാമല പഞ്ചായത്ത്
3. പാറക്കടവ് -തിരുവില്വാമല പഞ്ചായത്ത്
4. പഴയന്നൂർ -പഴയന്നൂർ പഞ്ചായത്ത്
5. ദേശമംഗലം -ദേശമംഗലം പഞ്ചായത്ത്
6. പല്ലൂർ -ദേശമംഗലം പഞ്ചായത്ത്
7. ചെറുതുരുത്തി -വള്ളത്തോൾ നഗർ പഞ്ചായത്ത്

(ബി) ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ മോട്ടോറുകളാണ് 2019-ലെ പ്രളയത്തിൽ വെള്ളം കയറി കേടുവന്നിട്ടുള്ളത്;

(ബി) 2019 ലെ പ്രളയത്തിൽ വെള്ളം കയറി കേട് വന്ന മോട്ടോറുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ആകെ മോട്ടോർ | കേടുവന്ന മോട്ടോറുകൾ |
|---|---|---|---|
| 1. | അറക്കാമല | 3 | 2 |
| 2. | ഇട്ടിച്ചിരിക്കുണ്ട് | 4 | 3 |
| 3. | പാറക്കടവ് | 3 | 1 |
| 4. | പഴയന്നൂർ | 6 | 4 |
| 5. | ദേശമംഗലം | 2 | 1 |
| 6. | പല്ലൂർ | 2 | 1 |
| 7. | ചെറുതുരുത്തി | 2 | 1 |

| | |
|---|---|
| (സി) മോട്ടോറുകൾ കേടുപാടുകൾ തീർത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനസജ്ജമാക്കി കർഷകർക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തി അത്യാവശ്യം വേണ്ട മോട്ടോറുകൾ പ്രവർത്തന സജ്ജമാക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ വഴി കർഷകർക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. |

SRaj.

**സെക്ഷൻ ഓഫീസർ**